**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1547** **08-12-2022 - ൽ മറുപടിയ്ക്ക്**

**എൽ.പി. സ്കൂൾ ടീച്ചർ തസ്തികയിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം ഡി.ഡി. യുടെ കീഴിലുള്ള സർക്കാർ സ്കൂളുകളിൽ എൽ.പി. സ്കൂൾ ടീച്ചർ വിഭാഗത്തിൽ എത്ര അധിക തസ്തികകൾ ശിപാർശ ചെയ്തിട്ടുണ്ട്; എ.ഇ.ഒ/ഡി.ഇ.ഒ. തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (എ) | ശിപാർശ ചെയ്തിട്ടുള്ള അധിക തസ്തികകളുടെ എണ്ണം<br>(1)ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് : 49<br>(2)ജില്ലാ വിദ്യാഭ്യാസ ഓഫീസ് : 16 |
| (ബി) | എറണാകുളം ജില്ലയിൽ സർക്കാർ സ്കൂളുകളിൽ നിലവിൽ എൽ.പി.എസ്.ടി. യുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; സ്കൂളുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; | (ബി) | **സ്കൂളുകൾ** **ഒഴിവുകൾ**<br>ഗവ.എൽ പി സ്കൂൾ, കുറ്റിയംചാൽ 1<br>ഗവ.എൽപി സ്കൂൾ,മണിമരുതുംചാൽ 1<br>ഗവ.എൽ പി സ്കൂൾ, കാക്കൂർ 1<br>ഗവ.യു.പി സ്കൂൾ, സൗത്ത് മാറാടി 1<br>ഗവ.യു.പി സ്കൂൾ,ഇടമലയാർ 2<br>ഗവ.യു.പി സ്കൂൾ, നേര്യമംഗലം 1<br>ഗവ.യു.പി സ്കൂൾ, കണ്ടന്തറ 1<br>ഗവ.യു.പി സ്കൂൾ, കൊമ്പനാട് 2<br>ഗവ.എൽപി സ്കൂൾ,വാണിയപ്പിള്ളി 1<br>ഗവ.എച്ച്.എസ്, പിണവൂർകുടി 1<br>ഗവ.എച്ച്.എസ് പൊയ്ക 1<br>**ആകെ ഒഴിവുകൾ 13** |
| (സി) | ഭരണപരിഷ്കാര കമ്മീഷന്റെ ഉത്തരവ് പ്രകാരം എൽ.പി.എസ്.ടി. തസ്തികയിലെ പ്രതീക്ഷിതവും നിലവിലുള്ളതുമായ ഒഴിവുകൾ പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | നിലവിലുള്ളതും പ്രതീക്ഷിതവുമായ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | എറണാകുളം ജില്ലയിലെ സർക്കാർ എൽ.പി. വിഭാഗത്തിൽ നിലവിൽ എത്ര എച്ച്.ടി.വി. പോസ്റ്റുകൾ ഉണ്ട്; അതിൽ എത്ര പോസ്റ്റിൽ പ്രൊട്ടക്റ്റഡ് അധ്യാപകർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കാമോ; | (ഡി) | 19 ഹെഡ് ടീച്ചർ പോസ്റ്റുകൾ ഉണ്ട്. ടി തസ്തികയിൽ പ്രൊട്ടക്റ്റഡ് അധ്യാപകർ ആരും തന്നെ ജോലി ചെയ്യുന്നില്ല. |

| | | | |
|---|---|---|---|
| (ഇ) | 2023-ൽ എറണാകുളം ജില്ലയിൽ എൽ.പി.എസ്.ടി. തസ്തികയിൽ ഉണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകൾ എത്രയാണെന്ന് അറിയിക്കാമോ? | (ഇ) | 2023 അദ്ധ്യയന വർഷത്തിൽ 44 പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകുമെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ